**കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ജീവനക്കാര്യം- കിനാനൂർ,കരിന്തളം സർക്കാർ ആർട്സ് & സയൻസ് കോളേജിലേക്ക് സേവന ക്രമീകരണ വ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റിനെ നിയമിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:C3/17325/2019/DCEതിരുവനന്തപുരം തീയതി:25.09.2019

---

പരാമർശം:-1.ഈ കാര്യാലയത്തിൽ നിന്നുള്ള 15.06.2019 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്

2.03.09.2019 തിയതിയിലെ കിനാനൂർ സർക്കാർ ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ A/97/2019/GASCKINNR നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കാസർഗോഡ് ഗവൺമെന്റ് കോളേജ് ലേഡീസ് ഹോസ്റ്റലിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.രമേശൻ.എ യെ മൂന്ന് മാസത്തേയ്ക്ക് സേവനക്രമീകരണ വ്യവസ്ഥയിൽ കിനാനൂർ,കരിന്തളം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ നിയമിച്ച് ഉത്തരവ് നൽകിയിരുന്നു.

ശ്രീ.രമേശൻ.എ യുടെ സേവനക്രമീകരണ വ്യവസ്ഥയിലുള്ള നിയമന കാലാവധി 30.09.2019 ന് അവസാനിക്കുകയാണെന്നും ഒക്ടോബർ,നവംബർ മാസങ്ങളിൽ യൂണിവേഴ്സിറ്റി പരീക്ഷകൾ നടക്കുന്നതിനാൽ ഓഫീസ് അറ്റൻഡന്റിന്റെ സേവനം അത്യാവശ്യമാണെന്നും പരീക്ഷ സംബന്ധമായ ജോലിക്കും ട്രഷറി സംബന്ധമായ ജോലികൾ ചെയ്യുന്നതിനും ഓഫീസ് അറ്റൻഡന്റ് തസ്തിക സൃഷ്ടിക്കുന്നതുവരെ ശ്രീ.രമേശൻ.എ യുടെ സേവനം തുടരുന്നതിന് അനുവദിക്കണമെന്നും കാണിച്ച് പരാമർശം (2) പ്രകാരം പ്രിൻസിപ്പാൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നു .

മേൽ സാഹചര്യത്തിൽ കാസർഗോഡ് ഗവൺമെന്റ് കോളേജ് ലേഡീസ് ഹോസ്റ്റലിലെ ഓഫീസ് അറ്റൻറെൻറെ ശ്രീ.രമേശൻ.എ യെ ആറ് മാസത്തേയ്ക്ക് കൂടി സേവനക്രമീകരണ വ്യവസ്ഥയിൽ സർക്കാർ സാധൂകരണത്തിന് വിധേയമായി കിനാനൂർ സർക്കാർ ആർട്സ് & സയൻസ് കോളേജിൽ നിയമിച്ച് ഉത്തരവാകുന്നു.

കാസർഗോഡ് ഗവൺമെന്റ് കോളേജ് ലേഡീസ് ഹോസ്റ്റലിൽ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക മാത്രമുള്ളതിനാൽ ശ്രീ.രമേശൻ.എ യുടെ അഭാവത്തിൽ മഞ്ചേശ്വരം ജി.പി.എം.ഗവൺമെന്റ് കോളേജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.രാമചന്ദ്ര.എ.എം ന് കാസർഗോഡ് ഗവൺമെൻറെ കോളേജ് ലേഡീസ് ഹോസ്റ്റലിലെ ഓഫീസ് അറ്റൻഡന്റിൻറെ ചുമതലകൾ നല്കിയും ഉത്തരവാകുന്നു.

Approval Valid

Digitally Approved By

ഷൃജ ആർ

Date: 25.09.2019

Reason: Approved

Sd/-

ഷൃജ ആർ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

0471-2305547

srao..colledn@kerala.gov.in

സ്വീകർത്താവ്,

1.പ്രിൻസിപ്പൽ സെക്രട്ടറി,ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്,ഗവൺമെന്റ് സെക്രട്ടറിയേറ്റ്,തിരുവനന്തപുരം

2.. ബന്ധപ്പെട്ട ജീവനക്കാർക്ക്

3..ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്